# കേരളസർവകലാശാല

നം.പി.ആർ.274/2021

## പത്രക്കുറിപ്പ്

### ‘ഭാഷയ്ക്കൊരു ഡോളർ’ പുരസ്കാരത്തിന് പ്രബന്ധങ്ങൾ ക്ഷണിക്കുന്നു

കേരളസർവകലാശാല, അമേരിക്കൻ മലയാളി സംഘടനകളുടെ ഫെഡറേഷനായ ‘ഫൊക്കാന’ യുമായി ചേർന്ന് നൽകുന്ന ‘ഭാഷയ്ക്കൊരു ഡോളർ’ പുരസ്കാരത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. മലയാളത്തിലെ ഏറ്റവും മികച്ച പിഎച്ച്.ഡി. പ്രബന്ധത്തിനാണ് പുരസ്കാരം നൽകുന്നത്. 2017 ഡിസംബർ 1 മുതൽ 2019 നവംബർ 30 വരെയും 2019 ഡിസംബർ 1 മുതൽ 2021 നവംബർ 30 വരെയുമുള്ള കാലയളവിൽ കേരളത്തിലെ സർവകലാശാലകളിൽ നിന്നും മലയാളത്തിൽ പിഎച്ച്.ഡി. ലഭിച്ചവർക്ക് പ്രബന്ധം അവാർഡിനായി സമർപ്പിക്കാം. അവസാന തീയതി 2022 ജനുവരി 29. അപേക്ഷകൾ ലഭിക്കേണ്ട വിലാസം: രജിസ്ട്രാർ, കേരളസർവകലാശാല, പാളയം, തിരുവനന്തപുരം –695034.

(പ്രത്യേക കുറിപ്പ്:എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### ടൈംടേബിൾ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബി.ടെക്. ഡിസംബർ 2021, 2013 സ്കീം പരീക്ഷ 2022 ജനുവരി 11 മുതലും 2008 സ്കീം പരീക്ഷ 2022 ജനുവരി 19 മുതലും ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജനുവരി 7 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ (ഫുൾടൈം/പാർട്ട്ടൈം), മൂന്നാം സെമസ്റ്റർ (പാർട്ട് ടൈം) എം.ടെക്. പരീക്ഷകളുടെ (2013 സ്കീം – മേഴ്സിചാൻസ്) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. ഹാൾടിക്കറ്റുകൾ പരീക്ഷാകേന്ദ്രമായ എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരത്തു നിന്നും ലഭ്യമാണ്.

### പിഎച്ച്.ഡി. കോഴ്സ്വർക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല 2022 മാർച്ചിൽ നടത്തുന്ന പി.എച്ച്ഡി. കോഴ്സ്വർക്ക് പരീക്ഷയ്ക്കുള്ള (ഡിസംബർ 2021 സെഷൻ) അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷാഫോമും, വിശദവിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്.

### ലൈബ്രറി അസിസ്റ്റന്റ് – റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരളസർവകലാശാലയുടെ കീഴിലുള്ള വിവിധ യൂണിവേഴ്സിറ്റി മാനേജ്മെന്റ് സ്ഥാപനങ്ങളിലേക്ക് കരാറടിസ്ഥാനത്തിൽ ലൈബ്രറി അസിസ്റ്റന്റുമായി നിയമിക്കുന്നതിനായി ഒക്ടോബർ മാസത്തിൽ നടത്തിയ അഭിമുഖത്തിന്റെ റാങ്ക്പട്ടിക പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പി.ജി.ഡിപ്ലോമ ഇൻ ഹെൽത്ത് സയൻസ് റിസർച്ച് – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററുമായി ചേർന്ന് സംഘടിപ്പിക്കുന്ന പി.ജി.ഡിപ്ലോമ ഇൻ ഹെൽത്ത് സയൻസ് റിസർച്ചിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: കേരളസർവകലാശാല അംഗീകൃത എം.ബി.ബി.എസ്./ബി.എ.എം.എസ്./ബി.എച്ച്.എം.എസ്./ബി.വിഎസ്സി./ബി.ഡി.എസ്./ബി. എസ്സി. നഴ്സിംഗ്/ബി.ഫാം./ബി.എസ്.എം.എസ്./ബി.എസ്സി. എം.എൽ.ടി. കോഴ്സ് കാലാവധി: ഒരു വർഷം, കോഴ്സ്ഫീസ്: 18,000/-, അപേക്ഷാഫീസ്: 100 രൂപ, അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2022 ജനുവരി 7. താൽപ്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റും പകർപ്പും ഒരു ഫോട്ടോയും സഹിതം തിരുവനന്തപുരം പി.എം.ജി. ജംഗ്ഷനിലെ സ്റ്റുഡൻസ് സെന്റർ ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 0471 2302523, 0471 2553540

തിരുവനന്തപുരം,
30.12.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website:** **www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**